## (95.) വലംഞ്ചുഴി സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പത്തനംതിട്ട രൂപതയിൽ കോന്നി വൈദിക ജില്ലയിൽ പുനരൈക്യശിൽപിയായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ ഒരു ദേവാലയമാണ് വലംഞ്ചുഴി സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയം.

പുനരൈക്യത്തിന്റെ ആദ്യ നാളുകളിൽ തന്നെ ഞങ്ങളുടെ പൂർവ്വപിതാക്കന്മാർ ഫിലിപ്പോസ് മേടയിലച്ചന്റെ നേതൃത്വത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയോട് പുനരൈക്യപ്പെട്ടിരുന്നു. അവരിൽ പ്രധാനിയായിരുന്നു ശ്രീ. പതാലിൽ ഗീവറുഗീസ്, സഭയ്ക്ക് ദാനമായി നല്കിയ 20 സെന്റ് സ്ഥലത്ത് ഈ വിശ്വാസ സമൂഹത്തിന് ആരാധനയ്ക്കായി ഒരു ചാപ്പൽ നിർമ്മിക്കുകയും 1931-ൽ തിരുവല്ലാ ഭദ്രാസനാധ്യക്ഷനായിരുന്ന ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി ആ ചാപ്പൽ കൂദാശ ചെയ്ത് വിശ്വാസ സമൂഹത്തിനായി സമർപ്പിക്കുകയും ചെയ്തു.

അതിനുശേഷം ഈ പ്രദേശത്തുനിന്നും 13 കുടുംബങ്ങളെ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുത്തി. തുടർന്ന് തോമസ് പരുമലയച്ചൻ 9 പേർക്ക് ജ്ഞാനസ്നാനം നല്കി ഇടവകയിലേക്ക് ചേർത്തു. ഇക്കാലമത്രയും ഇടവകയുടെ നേതൃത്വം വഹിച്ചിരുന്നത് ഫിലിപ്പോസ് മേടയിലച്ചനാണ്. പിന്നീട് ദേവാലയത്തിനായി കൂടുതൽ സ്ഥലം വാങ്ങുകയും വർദ്ധിച്ച ഇടവക സമൂഹത്തിന് ഒരു ദേവാലയം ആവശ്യമായി വരികയും ചെയ്ത സാഹചര്യത്തിൽ 1942ൽ ഗീവറുഗീസ് ചരുവിലേത്തച്ചന്റെ നേതൃത്വത്തിൽ ദേവാലയ നിർമ്മാണം ആരംഭിക്കുകയും ഇടവക ജനത്തിന്റെ ശ്രമഫലമായി നിർമ്മാണം പൂർത്തീകരിച്ച് 1947 ഫെബ്രുവരി 9-ാം തീയതി ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ഭാരതിന്റെ അപ്പസ്തോലനായ വിശുദ്ധ തോമാശ്ലീഹായുടെ നാമത്തിൽ ഇവിടുത്തെ ആദ്യ ദേവാലയം കൂദാശ ചെയ്തു. ഫിലിപ്പോസ് ചേപ്പാട്ട് റമ്പാനും ഗീവറുഗീസ് ചരുവിലേത്തച്ചനും കൂദാശാ ചടങ്ങിൽ സഹകാർമ്മികരായിരുന്നു.

1947 മുതൽ 1964 വരെ ഇടവക വൈദീകരായിരുന്ന് ഇടവകയെ നയിച്ചത് 1964-ൽ കുമ്പഴയിൽ ബഥനി ആശ്രമം സ്ഥാപിക്കുകയും അതിന് സമീപത്തായുള്ള ഈ ദേവാലയവും ബഥനി വൈദികരുടെ ശുശ്രൂഷയ്ക്കായി നല്കപ്പെടുകയും ചെയ്തു. അന്നുമുതൽ 2020 ജൂൺ മാസം വരെ ബഥനി വൈദികരായിരുന്നു ഈ ഇടവകയുടെ വളർച്ചയ്ക്ക് നേതൃത്വം നല്കിയത്.

കാലാകാലങ്ങളായുള്ള ഇടവക സമൂഹത്തിന്റെ വളർച്ചയ്ക്കനുസരിച്ച് കുറെകൂടി വിശാലമായ ഒരു ദേവാലയം ആവശ്യമായി വരുകയും അതനുസരിച്ച് പഴയ ദേവാലയം പൊളിച്ചുമാറ്റി ആസ്ഥാനുതന്നെ വലിയ ഒരു ദേവാലയം നിർമ്മിക്കാൻ തീരുമാനിക്കുകയും 2008 ആഗസ്റ്റ് 17-ാം തീയതി സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാവ തിരുമനസ്സുകൊണ്ട് പുതിയ ദേവാലയത്തിന് തറക്കല്ലിടുകയും ജോസ് കളവിള ഒ.ഐ.സി. അച്ചന്റെ നേതൃത്വത്തിൽ ഇടവക ഭരണസമിതിയുടേയും ഇടവക സമൂഹത്തിന്റേയും ആത്മാർത്ഥ സഹകരണത്തോടെ വളരെ പെട്ടന്ന് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

പത്തനംതിട്ട രൂപത നിലവിൽ വന്നതിനുശേഷം പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന യൂഹാനോൻ മാർ ക്രിസോസ്റ്റം മാവേലിക്കര രൂപതാധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, കുരിയ മെത്രാൻ തോമസ് മാർ അന്തോണിയോസ് എന്നീ സഭാ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ 2010 നവംബർ 27-ാം തീയതി ഇപ്പോഴുള്ള ദേവാലയം കൂദാശ ചെയ്യപ്പെടുകയും 2010 നവംബർ 28ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ഈ ദേവാലയിൽ പ്രഥമദിവ്യബലി അർപ്പിക്കപ്പെടുകയും ചെയ്തു.

പത്തനംതിട്ട രൂപത നിലവിൽ വന്നതിനുശേഷം ആദ്യം കൂദാശ ചെയ്യപ്പെട്ട ദേവാലയമാണ് വലംഞ്ചുഴി സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയം. 2020 ജൂൺ മാസം മുതൽ റോബിൻ കലതിവിളയച്ചൻ ഈ ഇടവകയുടെ വികാരിസ്ഥാനം ഏറ്റെടുത്ത് വളരെ ആത്മാർത്ഥതയോടെ ഇടവകയെ നയിക്കുന്നു.

എം.സി.എ., മാതൃസമാജം, എം.സി.വൈ.എം., എന്നീ ഭക്ത സംഘടനകളും സജീവമായി ഇടവകയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇടവക ജനങ്ങളുടെ ആത്മീയ വളർച്ചയ്ക്കായി സെന്റ് മേരീസ്, സെന്റ് തോമസ്, സെന്റ് ജൂഡ്, സെന്റ് ജോർജ്ജ് എന്നീ നാല് പ്രാർത്ഥനാ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. ഈ ദേവാലയത്തിൽ സെന്റ് തോമസ് ദിനവും പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാളും വളരെ ഭക്തിയായി ആഘോഷിക്കുന്നു. പുതുഞായറാഴ്ചയ്ക്ക് ശേഷമുള്ള ആദ്യ ആഴ്ചയാണ് ഇടവക തിരുനാൾ ആഘോഷിക്കുന്നത്. ഈ ഇടവകയിൽ 100 കുടുംബങ്ങളാണ് ഉള്ളത്.

1963-ൽ പൗരോഹിത്യം സ്വീകരിച്ച സഖറിയാസ് കുഴിപ്പറമ്പിലച്ചനും, 2015-ൽ പൗരോഹിത്യം സ്വീകരിച്ച ജോർജ്ജ് തോമസ് പുന്നമംഗലത്ത് ഒ.ഐ.സി. അച്ചനും ഈ ഇടവകയിൽ നിന്നുള്ളവരാണ്.

സഭാ സേവനത്തിനായി വ്രതവാഗ്ദാനം ചെയ്ത രണ്ട് കന്യാസ്ത്രികളും ഈ ഇടവകയിൽ ഉണ്ട്. സി. വിനയ എസ്.ഐ.സി., സി.ഫ്രാൻസീന എസ്.ഐ.സി. യും കൂടാതെ ഇപ്പോൾ വൈദികവിദ്യാർത്ഥിയായ ബ്രദർ ബിബിൻ ഡേവിഡും, ബ്രദർ ജെസീൻ ജോസും ഈ ഇടവകാംഗങ്ങളാണ്.

ഈ ഇടവക സമൂഹത്തെ പരിശുദ്ധ കത്തോലിക്കാസഭയിലേക്ക് നയിച്ച് അവർക്ക് ആത്മീയ ഉണർവ് നല്കി പരിപോഷിപ്പിക്കുകയും അവർക്ക് ആരാധനയാക്കായി ഒരു ചാപ്പൽ നിർമ്മിക്കുന്നതിന് നേതൃത്വം നല്കിയത് ഫിലിപ്പോസ് മേടയിലച്ചനേയും ഇടവകയുടെ വളർച്ചയിൽ പലഘട്ടങ്ങളിലായി പത്ത് വർഷത്തിലധികകാലം ഇടവകയെ നയിച്ച വന്ദ്യ ഡാമിയൻ ഒ.ഐ.സി. അച്ചനേയും ഇപ്പോൾ ഈ മനോഹരമായ ദേവാലയം നിർമ്മിക്കാനായി കഠിനാധ്വാനം ചെയ്ത ജോസ് കുരുവിള ഒ.ഐ.സി. അച്ചനേയും എക്കാലവും സ്മരിക്കും.

**<u>വലംഞ്ചുഴി ഇടവകയിൽ സേവനം ചെയ്ത വൈദികർ</u>**

| | |
|---|---|
| 1. ഫാ. ഫിലിപ്പോസ് മേടയിൽ | 1930-1942 |
| 2. ഫാ. ഗീവർഗീസ് ചരുവിലേത്ത് | 1942-1950 |
| 3. ഫാ. ജോസഫ് വടക്കേക്കൂറ്റ് | 1950-1952 |
| 4. ഫാ. ഏ.ജി.ഏബ്രഹാം | 1952-1959 |
| 5. ഫാ. ഉമ്മൻ അയ്യനേത്ത് | 1959-1963 |
| 6. ഫാ. ജോർജ്ജ് പ്ലാവിളയിൽ | 1963-1964 |
| 7. ഫാ. പീറ്റർ ഒ.ഐ.സി. | 1964-1973 |
| 8. ഫാ. പക്കോമിയോസ് ഒ.ഐ.സി. | |
| 9. ഫാ. എപ്രേം ഒ.ഐ.സി. | |
| 10. ഫാ. സ്റ്റെനിസ്ലാവോസ് ഒ.ഐ.സി. | |
| 11. ഫാ. ഡാമിയൻ ഒ.ഐ.സി. | 1973-1974 |
| 12. ഫാ. സെലസ്റ്റീൻ ഒ.ഐ.സി. | 1974-1980 |
| 13. ഫാ. ഡാമിയൻ ഒ.ഐ.സി. | 1980-1984 |
| 14. ഫാ. ബേസിൽ ഒ.ഐ.സി. | 1984-1988 |
| 15. ഫാ. ഗീവർഗീസ് തൈക്കൂട്ടിൽ | 1988-1992 |

16. ഫാ. ഡാമിയൻ ഒ.ഐ.സി. 1992 - 2000

17. ഫാ. സ്റ്റീഫൻ തിരുവാലിൽ ഒ.ഐ.സി. 2000 - 2006

18. ഫാ. ജെറോം പീടികപറമ്പിൽ ഒ.ഐ.സി. 2006 - 2008

19. ഫാ. ജോസ് കുരുവിള ഒ.ഐ.സി. 2008 - 2011

20. ഫാ. തോമസ് ജേർജ്ജ് ഒ.ഐ.സി. 2011 - 2012

21. ഫാ. ഷിജു തോമസ് ഒ.ഐ.സി. 2012 - 2014

22. ഫാ. ജോൺ നിർമ്മലാനന്ദ് ഒ.ഐ.സി. 2014 - 2017

23. ഫാ. ഫിലിപ്പ് തരകൻ ഒ.ഐ.സി. 2017 - 2019

24. ഫാ. ക്രിസ്റ്റി ജോൺ ഒ.ഐ.സി. 2019 - 2020

25. ഫാ. റോബിൻ കലതിവിള 2020 -